
DVMNNMHSS MARANALLOOR

little KITEs

ലിറ്റിൽ കൈറ്റ്സ് മാഗസിൻ 2023-2024

# വർണ്ണപ്പട്ടങ്ങൾ



LITTLE KITEs Unit No : LK/2018/44027

## വെളിച്ചമേ നയിച്ചാലും



സ്ഥാപക മാനേജർ

**എം.നാരായണൻ നായർ**



**വി.വിജയകുമാർ**

മാനേജർ 2006 - 2008

# സന്ദേശം

ഈ സ്കൂളിലെ " LITTLE KITEs" ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ തായാറാക്കുന്ന " വർണ്ണപ്പട്ടങ്ങൾ " എന്ന മാഗസീന് എന്റെ എല്ലാവിധ ആശംസകൾ നേരുന്നു. കുട്ടികളുടെ പഠന മികവിന് സഹായകമാകുന്ന പ്രസ്തുത മാഗസീൻ അവർക്ക് വഴികാട്ടി ആവുമെന്നുള്ളതിൽ സംശയമില്ല. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും അനുസ്മരിച്ച് കൊണ്ട് നിങ്ങളുടെ ഈ പ്രവർത്തനത്തിന് നന്ദി.

V.GIRIJA DEVI
Manager
D V M N N M H S S
Maranalloor



# സന്ദേശം

കുരുന്നു ഭാവനകളെ പ്രോത്സാഹിപ്പിക്കുന്ന "LITTLE KITEs" ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന മാഗസീനാണ് "വർണ്ണപ്പട്ടങ്ങൾ". പ്രസ്തുത സംരംഭത്തിൽ എന്റെ എല്ലാ വിധ ആശംസകളും നേരുന്നു

**T.S Mahesh Kumar**
**Principal**
**D V M N N M H S S**
**Maranalloor**



# സന്ദേശം

നമ്മുടെ സ്കൂളിലെ " LITTLE KITEs" ന്റെ ആഭിമുഖ്യത്തിൽ ഒരുങ്ങുന്ന "വർണ്ണപ്പട്ടങ്ങൾ" എന്ന മാഗസീന് എന്റെ എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

SUNILKUMAR S.S
Headmaster
D V M N N M H S S
Maranalloor

# എഡിറ്റോറിയൽ

നമ്മുടെ സ്കൂളിലെ "ലിറ്റിൽ കൈറ്റ്സ് " ന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾ തയ്യാറാക്കിയ "വർണ്ണപ്പട്ടങ്ങൾ " എന്ന കൈയെഴുത്ത് മാസിക പ്രസിദ്ധീകരിക്കുകയാണ് മലയാളഭാഷയിൽ ഉള്ള കവിതകളും,കഥകളും,ചിത്രങ്ങളും ഉൾക്കൊള്ളുന്ന ഈ മാസിക കുട്ടികളുടെ കഴിവ് വെളിപ്പെടുത്തുന്നതാണ് .സാംസ്കാരികമായി മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ സ്കൂളിലെ വിദ്യാർത്ഥികളുടെ ഈ സർഗ്ഗസൃഷ്ടി ഓരോ വായനക്കാരയും അത്ഭുതപ്പെടുത്തുന്നു. ഈ കഴിവുകൾ വായിച്ച് ആസ്യദിക്കാൻ ഏവരേയും സ്വാഗതം ചെയ്യുന്നു .

എന്ന്

ചീഫ് എഡിറ്റർ

എഡിറ്റോറിയൽ ബോർഡ്

1.അനുപമ അനിൽ {ചീഫ് എഡിറ്റർ}

2.സ്നേഹ.എസ്{എഡിറ്റർ}

3.മാധവ്.എസ് {എഡിറ്റർ}

# ഉള്ളടക്കം


| | |
|---|---|
| അമ്മയ്ക്കായി | 1 |
| ക്യാപ്റ്റന്റെ ത്യാഗം | 2 |
| സമർത്ഥനായ കാക്ക | 3 |
| എങ്ങുപോയി | 4 |
| അമ്മയുടെ ഹൃദയം | 5 |
| ഇന്റർനെറ്റിന്റെ ഗുണവും ദോഷവും | 6 |
| എന്റെ കേരളം | 7 |
| മാമരം | 8 |
| മാമ്പഴം | 9 |
| എൻ ഓർമകളിൽ അദ്ധ്യാപകൻ | 10 |
| ഒളിക്കുന്നതെന്തിന് ? | 11 |
| ഒന്ന് | 12 |
| കമ്പ്യൂട്ടർ ക്വിസ് | 13 |
| സ്പേസ് ക്വിസ് | 14 |
| വഴി തെറ്റിയ പൂമ്പാറ്റ കുഞ്ഞ് | 15 |
| സ്വപ്നം | 16 |
| ജീവിതത്തിലെ മൂല്യം | 17 |
| അമ്പിളി മാമൻ | 18 |

മഴമോഹം 19

കോവിഡ്-എന്ന മഹാമാരി 20

ഐ.ടി. ക്വിസ് 21

ഗാന്ധി കഥ 22

സൂര്യന്റെ കഥ 23

ആമി എന്ന പെൺകുട്ടി 24

പൂമ്പാറ്റകൾ 25

ലോകത്തെ കുറിച്ചുള്ള ക്വിസ് 26

അഹങ്കാരിയായ രാജകുമാരിയെ
കീഴടക്കിയ രാജകുമാരൻ 27

ചിത്രങ്ങൾ 24-37

മന്ത്രിയോടൊപ്പം 38

ജില്ലാ ക്യാമ്പ് 39

ഫ്രീഡം ഫെസ്റ്റ് 40

35 – 41

ക്യൂ.ആർ.കോഡ്
42

1

# അമ്മയ്ക്കായ്...

അമ്മതൻ മടിത്തട്ടിൽ

മയങ്ങിയ രാവുകളെത്രയോ

അമ്മതൻ ചെറുകഥകൾ

കേട്ട നാളുകളെത്രയോ

അമ്മതൻ പുഞ്ചിരിയുളുകം

നിറ നിമിഷങ്ങളെത്രയോ.......

അമ്മിഞ്ഞപ്പാൽ നുകരും നേരം

അമ്മതൻ കരസ്പർശം

ദൈവകരുതലായ്

തോന്നിയ നിമിഷങ്ങളെത്രയോ

ഉള്ളൊന്നരുകുമ്പോൾ

പൊള്ളുന്ന ഹൃദയമാണെന്നമ്മ.....

കൊതിക്കുന്ന കാഴ്ചകളെ

നിറപ്പകിട്ടേകാൻ കഴിവുള്ളൊരമ്മ

നനവാർന്ന നിമിഷങ്ങളെ

പുഞ്ചിരിയാക്കിടുമമ്മ

അമ്മതൻ കണ്ണുകൾ നനവേകാതെ

നോക്കുക സോദരരേ,അതുതന്നെയല്ലേ! നമ്മുടെ ജീവിതധർമ്മം...

Sneha S, 9C

2

# ക്യാപ്റ്റന്റെ ത്യാഗം

ഇന്ത്യ-പാക്കിസ്ഥാൻ യുദ്ധം അതിന്റെ മൂർധാന്യാവസ്ഥയിലെത്തിയ സമയം.1971-ലെ ആ വായുസേനകൾ ജീവൻ കൊടുത്തും പൊരുതുകയാണ്.അറബിക്കടലും യുദ്ധത്താൽ മുഖരിതമായി.

ഇന്ത്യൻ നേവിയുടെ പതിനാലാം ബ്രിഗേഡിയറിലെ സീനിയർ ഓഫീസർ മഹേന്ദ്രനാഥ് നയിക്കുന്ന ഐ.എൻ.എസ്.ഖുക്രി മുന്നേറുകയാണ്. ഇന്ത്യയുടെ നാവികശക്തി തകർക്കുന്നതിന് പാക്കിസ്ഥാൻ സകല അടവുകളും പ്രയോഗിച്ചു. ഖുക്രിയെ ടോർപിഡോ വച്ച് തകർക്കാനായിരുന്ന അവരുടെ ശ്രമം. ഒടുവിൽ ഇക്കാര്യത്തിൽ അവർ വിജയിക്കുകയും ചെയ്തു.

അപ്രതീക്ഷിതമായ ടോർപിഡോ പ്രയോഗത്തിൽ കപ്പലിന്റെ അടിഭാഗം തകർന്നു. വെള്ളം കപ്പലിലേക്ക് ഇരച്ചുകയറി.നാവികരും ഓഫീസർമാരുമുൾപ്പെടെ 264 സൈനികർ ഉണ്ടായിരുന്നു കപ്പലിൽ. എല്ലാവർക്കും ധരിക്കാൻ മാത്രമുള്ള ലൈഫ് ബെൽറ്റുകൾ കപ്പലിൽ ഉണ്ടായിരുന്നില്ല.ഉള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി കഴിയുന്നത്ര പേരെ കരയിലെത്തിക്കാൻ ക്യാപ്റ്റൻ ശ്രമിച്ചു. അവസാനം കപ്പലിലാരും ബാക്കിയില്ലെന്നായപ്പോൾ അവശേഷിച്ച ഒരേ ഒരു ലൈഫ് ബെൽറ്റുമായി ക്യാപ്റ്റനും രക്ഷപ്പെടാൻ ഒരുങ്ങി.

അപ്പോഴാണ് എതിർഭാഗത്ത് കടലിൽ നിന്ന് ഒരു നിലവിളി ക്യാപ്റ്റന്റെ ശ്രദ്ധയിൽ പെട്ടത്.തന്റെ ഒരു സഹപ്രവർത്തകൻ മരണത്തോട് മല്ലടിക്കുകയാണ്.ഒരു ലൈഫ് ബെൽറ്റ് കിട്ടിയാൽ അയാൾക്ക് രക്ഷപ്പെടാനാകും.

തന്റെ കയ്യിലാണെങ്കിൽ ഒരേ ഒരു ലൈഫ് ബെൽറ്റ് മാത്രമേ ഉള്ളൂ താനും. എന്തു ചെയ്യണം?

ഒരു ക്യപ്റ്റന്റെ കടമ അദ്ദേഹത്തിലുണർന്നു. കപ്പൽ അപകടത്തിൽപ്പെട്ടാൽ ഏറ്റവും അവസാനമേ ക്യാപ്റ്റൻ രക്ഷപ്പെടാൻ ശ്രമിക്കാവൂ!

താഴ്ന്നുകൊണ്ടിരിക്കുന്ന കപ്പലിന്റെ അവശേഷിച്ച മുകൾപരപ്പിലൂടെ പാഞ്ഞുചെന്ന് ക്യപ്റ്റൻ സ്വന്തം ലൈഫ് ബെൽറ്റഴിച്ച് അയാൾക്ക് എറിഞ്ഞുകൊടുത്തു.

“ക്യപ്റ്റൻ,താങ്കളെങ്ങനെ രക്ഷപ്പെടും.”
ആ നാവികൻ ഉത്കണ്ഠയോടെ വിളിച്ചു ചോദിച്ചു. "എന്റെ കാര്യമോർത്ത് വിഷമിക്കേണ്ട. ഈ കപ്പലിലെ അവസാനത്തെയാളും രക്ഷപ്പെട്ടിട്ടേ ഞാൻ രക്ഷപ്പെടാൻ ശ്രമിക്കൂ.”

തന്റെ സഹപ്രവർത്തകനായ നാവികൻ ലൈഫ് ബെൽറ്റ് കടന്നു പിടിച്ച് അതിൽ താങ്ങി മരണത്തിൽനിന്ന് രക്ഷനേടുന്നത് ക്യാപ്റ്റൻ ചാരിതാർഥ്യത്തോടെ നോക്കിനിന്നു.ക്യപ്റ്റൻ ചവിട്ടി നിന്നിരുന്ന കപ്പലിന്റെ അവശിഷ്ട ഭാഗങ്ങളും കടലിൽ താഴുകയാണ്.മലപോലെ ഉയരത്തിലെത്തിയ ഒരു തിരമാല ക്യാപ്റ്റനെയും കോരിയെടുത്തു.

ക്യാപ്റ്റൻ മഹേന്ദ്രനാഥിന് മരണാനന്തര ബഹുമതിയായി 'മഹാവീരചക്രം ' നൽകി ഇന്ത്യാഗവൺമെന്റ് പിൽക്കാലത്ത് ആദരിച്ചു.

Abhina S.B
9A

3

# സമർത്ഥനായ കാക്ക

ഒരിക്കൽ ഒരു കാക്കയ്ക്ക് ദാഹിച്ചു. കാക്ക വെള്ളം അന്വേഷിച്ച് പറക്കുകയായിരുന്നു. അത് കുറേ ദൂരം പറന്ന ശേഷം ഒരു വീടിന്റെ മുറ്റത്ത് ഒരു ഭരണി കാണുവാനിടയായി.കാക്ക ഭരണിയുടെ വക്കിൽ കയറിയിരുന്ന് വെള്ളമുണ്ടോ എന്നറിയുവാൻ ഉള്ളിലേക്ക് നോക്കി.പക്ഷേ,കുറച്ചു വെള്ളം മാത്രമേ അതിനടിയിൽ ഉണ്ടായിരുന്നുള്ളൂ. കാക്ക വെള്ളം കിട്ടുന്നതിന് വേണ്ടി തല താഴ്ത്തി നോക്കി.പക്ഷേ,സാധിച്ചില്ല.

അവസാനം അത് ഒരു ഉപായം കണ്ടുപിടിച്ചു.ഭരണിയുടെ അടുത്ത് കുറേ കല്ലുകൾ കിടന്നിരുന്നു.ബുദ്ധിമാനായ കാക്ക ആ കല്ലുകൾ എല്ലാം പെറുക്കി ഓരോന്നായി വെള്ളത്തിലിട്ടു. അപ്പോൾ വെള്ളം പതുക്കെ ഉയർന്ന് പാത്രത്തിന്റെ വക്കോളമെത്തി.കാക്ക മതിയാവോളം കുടിച്ച് പറന്നുപോയി.

Sreedarshana S, 8A

4

# എങ്ങുപോയി

ചുണ്ടു വിടർത്തുന്ന പൂവിലെല്ലാം
വണ്ടിനു വേണ്ടും മധു നിറച്ച

ദന്തങ്ങൾ പോയ്ക്കുളിളൊട്ടിപ്പോയ
കുന്നിനു യൗവനകാന്തി നൽകി

ഓടിനടന്നു കളിച്ച മന്നിൽ
വാടി ചുരുക്കും കവയിൽനാളങ്ങൾ

പൊന്നിൻകസവുകൾ നെയ്യുതള്ളും
മഞ്ഞമുകിലൊളിഞ്ഞുനിന്നു

പച്ചിലക്കുമ്പിളിൽപ്പൂവറത്തി-
ട്ടു ത്രാടസന്ധ്യ തളർന്നു നിന്നു
അന്തിവെട്ടത്തോടൊത്തെത്തി ഞാനു-
മന്നത്തെയോണം നുകർന്ന നാട്ടിൽ

പോരിൻ പഴങ്കഥപാട്ട് പാടി
പേരാറകലകൾ കളിക്കും നാട്ടിൽ

കൈതമലർമ്മണം തേവി നിൽക്കും
തൈത്തെന്നൽ തോഴ്നായ് വാണനാട്ടിൽ

Swathy S .R ,9C

5

# അമ്മയുടെ ഹൃദയം

എന്മകനെന്തുപോൽ വാരാഞ്ഞു തോഴീ! ചൊൽ

ഇന്നലെയിന്നേരം വന്നാനല്ലോ.

കാലികൾ കാണാഞ്ഞു കാട്ടിൽ നടക്കുമ്പോൾ

കാൽതന്നിൽ മുള്ളു തറച്ചീലല്ലീ ?

കായ്കളെക്കൊള്ളുവാൻ പാഴ്മരമേറീട്ടു

കാനനം തന്നിലേ വീണാനോതാൻ.

ചാലത്തടുത്തു തെളിക്കുന്ന നേരത്തു

കാലികൾ കുത്തിക്കുതർന്നില്ലല്ലീ.

കാനനം തന്നിലേ നൽവഴി കാണാഞ്ഞു

ദീനനായ് നിന്നങ്ങുഴന്നാനോതാൻ.

സഞ്ചരിച്ചീടുമ്പോൾ വൻപുലിതന്നാലേ

വഞ്ചിതനായാനോ ചൊല്ലൂ തോഴീ!

പിള്ളേരുമായിപ്പിടിച്ചു കളിക്കുമ്പോൾ

അല്ല്ലായ് വീണു കിടന്നാനോതാൻ

ചോറെല്ലാമാറിച്ചമഞ്ഞു തുടങ്ങുന്നു

നീറുന്നുതുള്ളവും പിന്നെപ്പിന്നെ .

മക്കളെപ്പെറ്റുള്ളോരമ്മമാരാർക്കുമേ

ഉൾക്കാമ്പിൽ വേദനയെന്നിയില്ലേ

Avani A.S,9A

6

# ഇന്റർനെറ്റ് ഗുണവും ദോഷവും

ലോകം മുഴുവൻ ഒരു മൗസ് ബട്ടണിൽ ഇന്റർനെറ്റീന്റെ വരവോട് കൂടി ആ സ്വപ്നം യാഥാർത്ഥ്യമായിരിക്കുന്നു . വിവരസാങ്കേതിക വിദ്യയുടെ ഉന്നതമായ സംഭാവനകളിലൊന്നാണ് ഇന്റർനെറ്റ് ആശയവിനിമയത്തിന്റെയും അറിവിന്റെയും അപാരമായ സാദ്ധ്യതകൾ ജനസമക്ഷമെത്തിച്ച വിസ്മകരമാ. വലക്കണ്ണി ആധുനികലോകത്തൽ ഇതിന്റെ സ്വാധീനം വളരെ വലുതാണ് . അനന്തമായ തൊഴിലവസരങ്ങൾ ഈ രംഗത്ത് ഉണ്ട്.ഇന്റർനെറ്റിന്റെ അപൂർവ്വ സാദ്ധ്യതകൾ ഇന്ന് എല്ലാ മേഖലകളിലും ഉപയോഗിച്ച് വരുന്നു വിദ്യാഭ്യാസ രംഗത്തും ഇന്റർനെറ്റിന് വലിയ പ്രാധാന്യമുണ്ട് . എന്നാൽ ഏതൊന്നിനെ പോലെയും ദോഷകരമായ ഒരു ഭാഗവും ഇന്റർനെറ്റിനുണ്ടെന്നത് അവഗണിക്കാനാകില്ല സൈബർ കുറ്റകൃത്യങ്ങളുടെ അമിതമായ വർദ്ധനവ് ഇതിലൊന്നാണ് അപകടകരമായ ആശയവിനിമയം ആസൂത്രണം എന്നിവ ഇന്റർനെറ്റിന്റെ സാങ്കപിക വിദ്യകൾ വഴി ഇന്ന് സാദ്ധ്യമാണ് .

ANNA. P. SAJEEV, 9 C

7

# എന്റെ കേരളം

വെള്ളിക്കരയിട്ട മരതക പട്ടുചുറ്റി

മണ്ണിൽ മകുടമായി വിളങ്ങും

ലാവണ്യവതീ മനശ്ശാന്തിതരും

മ്മ ജൻമ നാടേ മനോഹരി

കളകളമൊഴുകി സ്നിഗ്ധ

മടിത്തട്ടു കാണുമാറഴകാർന്ന

രുവികളുമതിരിൽ മേഘ മേലാപ്പു

തൊട്ടുമുത്തുംഗ മേരുക്കളും

Anakha sajeev, 9 C

# മാമരം

മാമരങ്ങൾ പെയ്യട്ടെ

മണ്ണിൻ മിഴിയിൽ മന്ദം മന്ദം

മാംപൂ മൊട്ടുകൾ വിടരട്ടെ

മകരനിലാവിൽ മഞ്ഞും മഴയും

മതിയാവോളം നുകരട്ടെ

മാമരങ്ങൾ ചിലയ്ക്കട്ടെ

മാംപൂ ചില്ലകൾ തളിർക്കട്ടെ

മാനം മുട്ടെ വളരട്ടെ

Aiswarya R, 8 A

# മാമ്പഴം

ചക്കരമാവിലെ മാമ്പഴം കണ്ടിട്ട്
ചക്കിപ്പൂച്ചയ്ക്ക് കൊതിയൂറി
ചാഞ്ചക്കം ചാടീട്ടും കിട്ടീല
ചരിഞ്ഞാടിനോക്കീട്ടും കിട്ടീല
ചക്കിപ്പൂച്ച ചിണുങ്ങുന്ന കണ്ടിട്ടു
ചക്കര മാമ്പഴം താഴെ വീണു

Anusree S.S, 8 A

# എൻ ഓർമ്മകളിൽ അധ്യാപകൻ

അറിവിന്റെ പുസ്തകമായ്
ആശ്വാസമായ് എന്നോടൊപ്പം
ഉള്ളൊരധ്യാപകൻ
തകർച്ചയുടെ കുഴിയാഴത്തിൽ
സ്നേഹം പകരാൻ
വരുമെന്നധ്യാപകൻ
തളർച്ചയുടെ നെടുവീർപ്പിൽ
സാന്ത്വനമായ്
വരുമെന്നധ്യാപകൻ
പ്രഭയുള്ള നക്ഷത്രമായ്
ജ്വലിക്കുന്ന സ്നേഹതീർത്ഥമായ്
എൻ സ്വപ്നത്തിൻ കിനാവായ്
എൻ സ്നേഹനിധിയാം അധ്യാപകൻ

Anupama Anil, 9C

11

# ഒളിക്കുന്നതെന്തിന് ?

കിംഗ് ലാൻഡ് എന്ന രാജ്യത്തെ രാജാവാണ് മാലിക്.ഒരിക്കൽ ശത്രുരാജ്യം കിംഗ് ലാൻഡിനെ ആക്രമിച്ചു കീഴടക്കി. മന്ത്രിമാരുടെ ഉപദേശമനുസരിച്ച് മാലിക് രാജ്യം ഉപേക്ഷിച്ചു ഒളിച്ചോടി.പടത്തലവനായ ഹോജയും കൂടെയുണ്ടായിരുന്നു.കാട്ടിൽ എത്തിയ അവർ ഒരു മരത്തിനു മുകളിൽ കയറി വിശ്രമിച്ചു.കുറച്ച് കഴിഞ്ഞപ്പോഴാണ് തൊട്ടപ്പുറത്ത് ഒരനക്കം മാലിക് ശ്രദ്ധിച്ചത്.അതൊരു പല്ലിയായിരുന്നു. മരത്തിന്റെ അതേ നിറവും അതേ അടയാളവുമാണ് പല്ലിക്കും,മാലിക് പറഞ്ഞു. കണ്ടില്ലേ ആ പല്ലി എത്ര വിദഗ്ദമായാണ് ഒളിച്ചിരിക്കുന്നത് ! തൊട്ടടുത്തുണ്ടായിട്ടു നമ്മൾ അതിനെ കണ്ടില്ല ! ശത്രുക്കളുടെ കണ്ണിൽ പെടാതിരിക്കാൻ പ്രകൃതി കൊടുത്ത വിദ്യ! നമുക്കും അങ്ങനെ എന്തെങ്കിലും വിദ്യ വേണ്ടേ,അല്ലേ? ഒളിവിൽ കഴിയേണ്ടി വന്നതിന്റെ നിരാശയാണ് രാജാവിന്! ഹോജക്ക് മനസ്സിലായി.അയാൾ കുറച്ചകലേക്ക് ചൂണ്ടി" പ്രഭോ ആ പുല്ലിനിടയിൽ ഒരു പുലിയുണ്ട് കാണുന്നുണ്ടോ? മാലിക് നോക്കി.ശരിയാണ്. പക്ഷേ,പുല്ലിനും പുലിക്കും ഒരേ നിറം! സൂക്ഷിച്ച് നോക്കിയാലെ പുലിയെ കാണൂ! ഹോജ പറഞ്ഞു. പുലി ഏതോ ജീവിയെ ആക്രമിക്കാൻ തയ്യാറായി ഇരിക്കുകയാണ്.പേടിച്ച് ഒളിച്ചിരിക്കുകയല്ല. മാലിക്കിന് കാര്യം മനസ്സിലായി.ഒളിച്ചിരിക്കുന്നത പേടികൊണ്ട് മാത്രമല്ല,ആക്രമണത്തിന് തയ്യാറെടുക്കുകയാണ്! മാലിക് തന്റെ നിരാശയൊക്കെ മാറ്റി.വൈകാതെ അദ്ദേഹം ചിതറിപോയ തന്റെ സൈന്യത്തെ തയ്യാറാക്കി ശത്രുരാജ്യത്തെ ആക്രമിച്ചു.അങ്ങനെ അവസാനം ശത്രുക്കളെ തുരത്തി രാജ്യം തിരിച്ചുപിടിക്കുകയും ചെയ്തു.

Salpriyan, 9H

12

# ഒന്ന്

ഒരു കൈ അറ്റുപോയാൽ
അതവിടെ ഉണ്ടെന്ന ധാരണയിൽ
മുന്നോട്ട് പോയിട്ടും നാം
ആ ഇല്ലായ്മ ഒരിക്കലും
അവഗണിക്കില്ല നാം

അത്രമേൽ സൗഹൃദനായോരു
വ്യക്തിക്കു തുല്യനാണ്
അയാൾ ഒപ്പമില്ല എന്ന്
മനസ്സിന് അറിയില്ല
അത്രമേൽ പ്രിയനാണെനിക്ക്
ആ വ്യക്തി

അറ്റുപോയ കൈപോലെയാണയാൾ
ഉണ്ടെന്ന തോന്നൽ മാത്രം
തോന്നൽ മാത്രം അവശേഷിക്കുന്ന
ഒന്ന്.........

Akshai S.D, 9H

13

# കംപ്യൂട്ടർ ക്വിസ്

**.കമ്പ്യൂട്ടറിന്റെ പിതാവ് എന്നറിയപ്പെടുന്ന ബ്രിട്ടീഷ് ഗണിത ശാസ്ത്രജ്ഞൻ ആര് ?**

**ചാൾസ് ബാബേജ്**

**. സൂപ്പർ കമ്പ്യൂട്ടറിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആര് ?**

**സെയ്മോർ ക്രെ**

**. ഇന്റർനെറ്റിന്റെ ആദ്യത്തെ സെർച്ച് എൻജിൻ ഏത് ?**

**ആർച്ചി**

**.കമ്പ്യൂട്ടറിലേക്ക് നൽകുന്ന വിവരങ്ങളും നിർദേശങ്ങളുമാണ് ?**

**ഡാറ്റ**

**. കീബോർഡിലെ ഫങ്ഷൻ കീകളുടെ എണ്ണം ?**

**12**

**. കംപ്യൂട്ടറിൽ ഉപയോഗിക്കുന്ന പോയിന്റിങ്ങ് ഉപകരണം?**

**മൗസ്**

**.കംപ്യൂട്ടർ മൗസിന്റെ വേഗത അളക്കുന്ന യൂണിറ്റ് ?**

**മിക്കി**

**.കംപ്യൂട്ടറിന്റെ തലച്ചോർ എന്നറിയപ്പെടുന്നത് ആര് ?**

**സി.പി.യു**

**.ലോക കംപ്യൂട്ടർ സാക്ഷരത ദിനം എന്നാണ് ?**

**ഡിസംബർ – 2**

**.ഇന്റർനെറ്റിന്റെ പിതാവ് ?**

**വിന്റോൺ സർഫ്**

**Revathi krishna.SR, 8 A**

14

# സ്പെയ്സ് ക്വിസ്

. നാസയുടെ പൂർണ രൂപമെന്ത് ?

നാഷണൽ എയ്റോനോട്ടിക്സ് ആന്റ് സ്പെയ്സ് അഡ്മിനിസ്ട്രേഷൻ

. ഇന്ത്യയുടെ ആദ്യ കൃത്രിമോപഗ്രഹം ഏത് ?

ആര്യഭട്ട

. ബഹിരാകാശത്ത് എത്തിയ ആദ്യത്തെ സസ്തനി ?

ലെയ്ക (റഷ്യൻ നായ)

. ആപ്പിളിനെ വിക്ഷേപണം നടത്തിയത് എന്തിന് ?

വാർത്താവിനിമയത്തിന്

. IRS-IA വിക്ഷേപണം നടത്തിയത് എന്ന് ?

1988 മാർച്ച് 17 ന്

.ആധുനിക ബഹിരാകാശ ശാസ്ത്രത്തിന്റെ പിതാവ് ?

ഗലീലിയോ ഗലീലി

. യുറാനസിനെ കണ്ടെത്തിയതാര് ?

വില്യം ഹെർഷൽ

Muhammed Riswan S.R, 9H

15

# വഴി തെറ്റിയ പൂമ്പാറ്റകുഞ്ഞ്

ഒരിക്കൽ ഒരിടത്ത് ഒരു അച്ഛൻ പൂമ്പാറ്റയും അമ്മ പൂമ്പാറ്റയും വർണ ചിറകുകളുള്ള കുഞ്ഞു പൂമ്പാറ്റയും മരത്തിൽ കൂടുകെട്ടി താമസിച്ചിരുന്നു. ഒരു ദിവസം അമ്മ പൂമ്പാറ്റയും അച്ഛൻ പൂമ്പാറ്റയും തീറ്റതേടിയിറങ്ങി.പോകാനിറങ്ങിയതുകൊണ്ട് അമ്മ പൂമ്പാറ്റ തന്റെ കുഞ്ഞിനോട് പറഞ്ഞു:ഞങ്ങൾ തീറ്റ തേടിയിട്ട് പെട്ടെന്ന് തിരിച്ചു വരാം നീ ആ സമയം കുസൃതിയൊന്നും ഒപ്പിക്കാതെ നല്ല കുട്ടിയായി വീട്ടിലിരിക്കണം.അപ്പോൾ കുഞ്ഞ് പൂമ്പാറ്റ പറഞ്ഞു:ശരി അമ്മേ ഞാൻ ഇവിടെ കുസൃതിയൊന്നും ഒപ്പിക്കാതെ മിണ്ടാതിരുന്നുകൊള്ളാം. അങ്ങനെ അമ്മ പാറി തീറ്റതേടാൻ പോയി. കുറച്ച് കഴിഞ്ഞ് 'അമ്മേ കാണാനില്ലല്ലോ ഒന്നു പോയി നോക്കാം'എന്നു പറഞ്ഞ് കുഞ്ഞിപൂമ്പാറ്റ പാറി അമ്മയേയും അച്ഛനേയും അന്വേഷിക്കാൻ കാട്ടിലിറങ്ങി.കുറേ കഴിഞ്ഞപ്പോൾ കുട്ടിപൂമ്പാറ്റ പുഴക്കടുത്തെത്തി.എന്നിട്ട് പുഴയോട് ചോദിച്ചു:നീ എന്റെ അമ്മയെ കണ്ടോ? അപ്പോൾ പുഴ പറഞ്ഞു:ക്ഷമിക്കണം. നിന്റെ അമ്മയെ ഞാൻ കണ്ടില്ല. കുറേ കഴിഞ്ഞപ്പോൾ മലർചെണ്ടിനടുത്തെത്തി. പൂമ്പാറ്റ മലർചെണ്ടിനോട് ചോദിച്ചു:കൂട്ടുകാരാ നീ എന്റെ അമ്മയെ കണ്ടോ? ഞാൻ കണ്ടു ദേ ആ വഴിയാണ് പോയത്. എന്തുപറ്റി? നന്ദി കൂട്ടുകാരാ എന്റെ അമ്മയും അച്ഛനും തീറ്റ തേടാനിറങ്ങിയതാ. പെട്ടെന്ന് വരാമെന്ന് പറഞ്ഞിട്ട് ഇത്രയും നേരമായിട്ടുംവന്നില്ല.അതുകൊണ്ട് അന്വേഷിക്കാനിറങ്ങിയതാ.മലർചെണ്ട് പറഞ്ഞു:എങ്കിൽ ശരി. നേരം വൈകുന്നുണ്ടായിരുന്നു. അങ്ങനെ ആ കുഞ്ഞിപൂമ്പാറ്റ ആ വഴി വന്നു എന്നിട്ടും അമ്മയെ കണ്ടില്ല. അങ്ങനെ ആ കുട്ടി പൂമ്പാറ്റ വഴി തെറ്റി

എങ്ങോട്ടോ പോയി. നേരം വൈകിയതുകൊണ്ട് അമ്മ പൂമ്പാറ്റയും അച്ഛൻ പൂമ്പാറ്റയും വീട്ടിലേക്ക് തിരിച്ചു.തന്റെ സങ്കടം കൊണ്ട് അവർ കുഞ്ഞിനെ അന്വേഷിച്ച് കാട്ടിലേക്ക് പോയി.ധാരാളം കൂട്ടുകാരോട് ചോദിച്ചു.പക്ഷെ, ആരും അവനെ കണ്ടില്ല. അവസാനം അവർ തന്റെ സുഹൃത്തായ മലചെണ്ടിനോട് ചോദിച്ചപ്പോൾ മലർചെണ്ട് പറഞ്ഞു:അവൾ ആ വഴിയാണ് പോയത്.അപ്പോൾ അമ്മ പൂമ്പാറ്റ പറഞ്ഞു:നന്ദി മലർചെണ്ടേ. അങ്ങനെ അവർ അങ്ങോട്ടു നീങ്ങി .

വഴിയരികിൽ വച്ച് കുഞ്ഞിപൂമ്പാറ്റയെ അമ്മ കാണാനിടയായി.നോക്കിയപ്പോൾ വലയിൽ കുടിങ്ങിയ പൂമ്പാറ്റ . എന്തു കഷ്ടമാ ഈ പൂമ്പാറ്റയുടെ കാര്യം. പാവം! അങ്ങനെ അച്ഛനും അമ്മയും കൂടെ ആ വലയിൽ നിന്ന് പൂമ്പാറ്റ കുഞ്ഞിനെ രക്ഷിച്ചു .അപ്പോൾ കുഞ്ഞിപൂമ്പാറ്റ പറഞ്ഞു:ക്ഷമിക്കണം അമ്മേ ഞാൻ അറിയാതെ ചെയ്തുപോയതാ. അപ്പോൾ അമ്മ പറഞ്ഞു:അത് സാരമില്ല .ഇനിയെങ്കിലും ഞങ്ങൾ പറയുന്നത് നീ കേൾക്കണം.അങ്ങനെ കുഞ്ഞിപൂമ്പാറ്റയും അതിന്റെ അച്ഛനും അമ്മയും സന്തോഷത്തോടുകൂടെ വീട്ടിലേക്ക് മടങ്ങി.

കൂട്ടുകാരെ,ഈ കഥ നിങ്ങൾക്ക് ഇഷ്ടമായല്ലോ.ഈ കഥയിലെ ഗുണപാഠം:നമ്മൾ എല്ലാവരും പറയുന്നത് അനുസരിക്കണം. അല്ലെങ്കിൽ കുഞ്ഞിപൂമ്പാറ്റയെ പോലെ നമ്മളും അപകടത്തിൽ ചെന്നുചാടും.

Nandhana S S, 8B

16

# സ്വപ്നം

സ്വപ്നങ്ങളുടെ ഭാണ്ഡക്കെട്ടഴിച്ചപ്പോൾ
എനിക്കൊരു പൊൻതൂവൽ കൈയ്യിലുടക്കി.
എന്നോ നെയ്ത്ത് കൂട്ടിയ സ്വപ്നം
ഇന്നുമൊരു പൊൻതൂവലായി ,
പ്രഭ ചൊരിയാതെ നിലകൊള്ളുന്ന
സ്വപ്നമേ ! നിന്നെയാരും കാണാതെ
ആ ഭാണ്ഡക്കെട്ടിനുള്ളിൽ വീണ്ടുമൊളിപ്പിച്ചോട്ടെ
ഇനിയുമതേ പ്രൗഢിയിൽ നിലനിൽക്കാൻ.

Madhav S, 9H

# ജീവിതത്തിലെ മൂല്യം

ഒരു ദിവസം മകൻ അച്ഛനോട് ചോദിച്ച :അച്ഛാ എന്താണ് നമ്മുടെ ജീവിതത്തിന്റെ മൂല്യം . അച്ഛൻ ഒരു കല്ല് എടുത്ത് മകന്റെ കയ്യിൽ കോടുത്തിട്ട് പറഞ്ഞു നിന്റെ ജീവിതത്തിന്റെ മൂല്യം അറിയണമെങ്കിൽ ഈ കല്ലുമായി മാർക്കറ്റിൽ പോവുക അവിടെ ആരെങ്കിലും നിന്നോട് ഈ കല്ലിന്റെ വില ചോദിക്കും നീ ഒന്നും മിണ്ടരുത് പകരം നിന്റെ രണ്ടു വിരലുകളും ഉയർത്തി കാണിക്കുക മകൻ അച്ഛൻ പറഞ്ഞതുപോലെ ചെയ്തു .കുറച്ചുകഴിഞ്ഞ് അവൻ ഒരു വൃദ്ധയായ സ്ത്രീയെ കണ്ടു . ആ സ്ത്രീ മകന്റെ അടുക്കൽ വന്നു എന്നിട്ട് പറഞ്ഞു . എത്രയാണ് ഈ കല്ലിന്റെ വില.അവൻ ഒന്നും മിണ്ടിയില്ല പകരം രണ്ടു വിരൽ ഉയർത്തികമണിച്ചു.അപ്പോൾ ആ സ്ത്രീ ചോദിച്ചു ഇരുപതു രൂപയോ ഞാൻ എടുത്തുകൊള്ളാം അവൻ അതിശയിച്ചു ഈ സാധാരണ കല്ലിന് ഇരുപതു രൂപയോ. അവൻ ഓടി അച്ഛന്റെ അടുക്കൽ എത്തി. എന്നിട്ട് പറഞ്ഞുമാർക്കറ്റിൽ ഒരു പ്രായമായ സ്ത്രീ ഈ കല്ലിന് ഇരുപതു രൂപ തരാമെന്നു പറഞ്ഞു . അച്ഛൻ പറഞ്ഞു മോനെ നീ ഈ കല്ലുകൊണ്ട് അടുത്തുള്ള മ്യൂസിയത്തിലേക്ക് പോകു അവിടെയും ആരെങ്കിലും ഈ കല്ലിന്റെ വില ചോദിച്ചാൽ ഒന്നും മിണ്ടരുത് പകരം രണ്ടു വിരലുകൾ ഉയർത്തണം. അവൻ ഉടൻ തന്നെ മ്യൂസിയത്തിലേക്ക് പോയി കുറച്ചുനേരം കഴിഞ്ഞപ്പോൾ ഒരാൾ അവനോട് ചോദിച്ചു മകനേ എന്താണ് ഈ കല്ലിന്റെ വില അവൻ ഒന്നും മിണ്ടതെ രണ്ടു വിരലും ഉയർ ത്തി.അയാൾ ചോദിച്ചു രണ്ടായിരം രൂപയോ എനിക്ക് തരൂ ഞാൻ വാങ്ങിക്കോളാം അവൻ അതിശയപ്പെട്ടു . ഓടി വീട്ടിലെത്തി അച്ഛനോട് നടന്ന കാര്യങ്ങൾ മുഴുവനും പറഞ്ഞു അപ്പോൾ അച്ഛൻ പറഞ്ഞു മോനേ ഇനി നീ ഈ കല്ലുമായി വിലയേറിയ വജ്രങ്ങൾ വിൽക്കുന്ന കടയിലേക്ക് പോകുക . അവൻ അതിയായ അവേശത്തോടെ വജ്രക്കടയിലേക്ക് പോയി അവൻ കടയിലേക്ക് കയറി അവിടെ ക്യാഷ് കൗണ്ടറിൽ പ്രായമായ ആൾ

ഇരുപ്പുണ്ടായിരുന്ന കുട്ടിയുടെ കൈയിലെ കല്ല കണ്ടതും അയാൾ ചാടി എണീറ്റ എന്നിട്ട് അവന്റെ അടുക്കൽ ഓടിയെത്തി എന്നിട്ട് പറഞ്ഞു
ഞാൻ ഇതുവരെ ഇത്രെയും മനോഹരമായ കല്ല കണ്ടിട്ടില്ല ഇതിന് എത്രയാ വില അവൻ ഒന്നും മിണ്ടാതെ രരണ്ടു വിരൽ ഉയർത്തി . കടയുടമ അവനെ അടുത്തുനിർത്തി എന്നിട്ട് പറഞ്ഞു ഇപ്പോൾ മനസ്സിലായോ നമ്മുടെ ജീവിതത്തിന്റെ മൂല്യം എന്താണെന്ന് . ഈ കല്ലപോലെയാണ് നമ്മുടെ ജീവിതവും . എവിടെയായിരിക്കുന്നു എന്നത് അനുസരിച്ചാണ് നമ്മുടെ ജീവിതത്തിന്റെ മൂല്യം നിശ്ചയിക്കുന്നത് . നമ്മുടെ കഴിവുകളും കുറവുകളും തിരിച്ചറിഞ്ഞ് നമ്മളെ സ്നേഹിക്കുന്ന കുറേ ആൾക്കാർ നമുക്കു ചുറ്റുമുണ്ട് . അവർ വജ്രവ്യാപാരിയെ പോലെയാണ് നമ്മുടെ മൂല്യം അവർക്കറിയാം ; അവരെ ചേർത്ത്പിടിക്കുക സ്നേഹിക്കുക. മറ്റുചിലർ അവരുടെ കാര്യം നേടാൻ വേണ്ടി നമ്മളെ ഉപയോഗിക്കുന്നവരാണ്. ഇക്കൂട്ടർക്ക് നമ്മുടെ കഴിവിനെകുറിച്ചോ നമ്മയെക്കുറിച്ചോ ഒന്നും തിരിച്ചറിയാൻ കഴിയില്ല,
മാത്രമല്ല ഇവർക്ക് നമ്മൾ ഒന്നുമല്ല . ജീവിതത്തിന്റെ മൂല്യം കട്ടുപിടിക്കേണ്ടത്ത് നമ്മൾ തന്നെയാണ് .

Akhilesh Biju .S,9F

# അമ്പിളിമാമൻ

കുഞ്ഞൻ മുയലിന്

അമ്പിളിമാമനെ തൊടണം.

കുറുക്കൻ പറഞ്ഞു :

മഞ്ചാടിക്കുന്നിൽ അമ്പിളിമാമനുണ്ട്

മഞ്ചാടിക്കുന്ന് പറഞ്ഞു:

പഞ്ചിമേഘത്തിൽ അമ്പിളിമാമനുണ്ട്

പഞ്ഞിമേഘം പറഞ്ഞു :

ഇന്നലെയമ്പിളി പുഴയിൽ വീണു !

കിന്നരിപ്പുഴയിൽ നോക്കി അതാ അമ്പിളി

ചിരിക്കുന്നു !

Sandra, 9A

# മഴ മോഹം

വേനൽ വന്നു.

പുഴകൾ വറ്റി.

പൂക്കൾ വാടി.

പുല്ല്  കരിഞ്ഞു.

ചെടിയുണങ്ങി.

പക്ഷികൾ പറന്നുപോയി .

"ഒന്ന് പെയ്തിറങ്ങുമോ"

Sneha.S.B,9 A

# കോവിഡ്-19 എന്ന മഹാമാരി

ലോകമെമ്പാടുമുള്ള മനുഷ്യ മനസ്സുകളിൽ ഭീതിപരത്തിയ ഒരു കോവിഡ് കാലം നമ്മളാരും മറന്നിട്ടുണ്ടാവില്ല. ജാതിയും മതവും മറന്ന് മനുഷ്യ മനസ്സുകൾ ഒരുമിച്ചുനിന്ന് പോരാടിയ സമയമായിരുന്നു അത്.

2019 ഡിസംബറിൽ ചൈനയിലുള്ള വുഹാൻ എന്ന സിറ്റിയിലാണ് കോവിഡ് -19 ആദ്യമായി സ്ഥിതീകരിക്കുന്നത്. അവിടെ നിന്നും കോവിഡ്-19 വ്യാപിക്കാൻ തുടങ്ങി അങ്ങനെ ഈ ലോകം മുഴുവൻ കോവിഡ്-19 എന്ന വൈറസ് പടരാൻ തുടങ്ങി. മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്കും മനുഷ്യരിൽ നിന്നും മനുഷ്യരിലേക്കും പടരാൻ തുടങ്ങി. പലരും ഈ വൈറസ്സിനെ കുറിച്ച് മനസ്സിലാക്കിവന്നപ്പോഴേക്കും ലോകം മുഴുവൻ ffd7d7 കോവിഡ്-19 വ്യാപിച്ചുകഴിഞ്ഞിരുന്നു. കോവിഡ് -19 എന്ന വൈറസ് കാരണം ഒരുപാട് പേരുടെ

ജീവൻ നഷ്ടമായി നിരവധി കുടുംബങ്ങൾ അനാഥമായി. 2020 ജാനുവരി മുപ്പതാം തീയതിയാണ് ഇന്ത്യയിൽ ആദ്യത്തെ കോവിഡ് ടോസ് സ്ഥിതീകരിക്കുന്നത്. അങ്ങനെ ലോകം മുഴുവൻ ലോക്ഡൗൺ ആയി കോവിഡ് -19 സ്ഥിതീകരിക്കപ്പെട്ടവർ 14 ദിവസം ക്വാറന്റീൻ ഇരിക്കേണ്ടിവന്നു.ഈ ലോകത്തുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി പ്രഖ്യാപിച്ചു.ലോകം മുഴുവൻ ലോക്ക്ഡൗൺ ആയി പ്രഖ്യാപിച്ചു.അങ്ങനെ പലർക്കും ജോലിയില്ലാതെ വീട്ടിലിരിക്കേണ്ടിവന്നു. കുട്ടികൾക്ക് സ്കൂളിലേക്ക് പോകാൻ കഴിയാത്തതുകൊണ്ട് സർക്കാർ കുട്ടികൾക്കായി ഓൺലൈൻ ക്ലാസ്സ് സംവിധാനം കൊണ്ടുവന്നതുകാരണം കുട്ടികൾക്ക് വീട്ടിലിരുന്ന്തന്നെ പഠിക്കാം. മാസ്ക്ക് ഇല്ലാതെ ആർക്കും വീട്ടിൽനിന്ന് പുറത്തിറങ്ങാൻ സാധിക്കില്ലായിരുന്നു. വിശേഷപ്പെട്ട ചടങ്ങുകൾ എല്ലാം ആഡംബരം കുറച്ച് ലാളിത്യത്തോടെ നടത്താൻ മലയാളികൾ ശീലിച്ചു മരണാനന്തര ചടങ്ങുകളിൽ 10 പേരിൽ കൂടുതൽ കൂടുതലാകാൻ പാടില്ലാ. അങ്ങനെ കോവിഡ് നമ്മളെ പലതും ശീലിപ്പിച്ചു. ആരേഗ്യപ്രവർത്തകരുടേയും പോലീസുകാരുടേയും കഠിനമായ പ്രക്തനം കൊണ്ടാണ് നമ്മളിൽ പലരും ഇന്ന് ജീവനോടെ ഇരിക്കാൻ കാരണം. ആരോഗ്യ പ്രവർത്തകർ പലരും രാവും പകലും ഇല്ലാതെ സ്വന്തം ജീവൻ പോലും

മറന്ന് കോവിഡ് രോഗികളെ ചികിത്സിച്ചു. സർക്കാർ പറയുന്ന നിർദ്ദേശങ്ങൾ അനുസരിച്ചതുകൊണ്ടാണ് നമ്മളിൽ പലരും ജീവിച്ചിരിക്കുന്നത്. ശരിക്കും നന്ദി പറയേണ്ടത് ആരോഗ്യപ്രവർത്തകരോടും പോലീസുffd7d7 കാരോടുമാണ്. കോവിഡ് കാലത്ത് ജീവൻ പണയം വയ്ച്ച് നമ്മോടുകൂടെ നിന്ന പോലീസുകാർക്കും, ആരോഗ്യപ്രവർത്തകർക്കും എന്റെ നന്ദി.

ArunKumar.S, 9 E

# ഐ.ടി ക്വിസ്

. ഇന്റർനെറ്റിന്റെ പിതാവ് ആര് ?

വിന്റ് സെർഫ്

. ആരാണ് ഫേസ്ബുക്കിന്റെ സ്ഥാപകൻ?

മാർക്ക് സക്കർബർഗ്

. ഏതാണ് ആദ്യത്തെ കമ്പ്യൂട്ടർ ഗെയിം ?

സ്പേസ് വാർ

. ഇ-മെയിൽ സാങ്കേതിക വിദ്യയുടെ പിതാവെന്ന് അറിയപ്പെടുന്നത് ആര് ?

റേ ടോംലിൻസൺ

. CPU – വിന്റെ പൂർണ്ണ നാമം ?

സെൻട്രൽ പ്രോസസ്സിംഗ് യൂണിറ്റ്

. ഇ – മെയിലിന്റെ പൂർണ്ണ രൂപം ?

ഇലക്ട്രോണിക് മെയിൽ

Suryan, 9F

22

# ഗാന്ധി കഥ

ഒരു ദിവസം ഗാന്ധിജി തന്റെ മുറിയിൽ എന്തോ തിരയുകയായിരുന്നു . വിലയേറിയ ഏതോ ഒരു സാധനം നഷ്ടപ്പെട്ടതിന്റെ വിഷമം അദ്ധേഹത്തിന്റെ മുഖത്തുണ്ടായിരുന്നു . ഗാന്ധിജി മുറി മുഴുവൻ അരിച്ചുപെറുക്കുന്നത് കണ്ട് അദ്ധേഹത്തിന്റെ സ്നേഹിതൻ ചോദിച്ചു . 'അങ്ങ് എന്താണ് ഈ തിരയുന്നത്' എന്തെങ്കിലും നഷ്ടത്തെട്ടോ ? അപ്പോഴേക്കും ഗാന്ധിജിക്ക് താൻ തിരയുന്ന സാധനം കിട്ടിക്കഴിഞ്ഞിരുന്നു . 'കിട്ടിപ്പോയി' ഗാന്ധിജി സന്തോഷത്തോടെ പറഞ്ഞു. ഒരു ചെറിയ കുറ്റിപെൻസിൻ അയിരുന്നു അത് .അതുകണ്ട് സ്നേഹിതൻ ചോദിച്ചു : "ഈ കുറ്റിപെൻസിലിനു വേണ്ടിയാണോ അങ്ങ് ഈ പാട്ടുമുഴുവൻ പെട്ടത് ഞാൻ പുതിയത് വാങ്ങിത്തരുമായിരുന്നല്ലോ?" അപ്പോൾ ഗാന്ധി പറഞ്ഞു : പുതിയ പെൻസിലിനേക്കാൾ വിലയിുള്ളതാണ് കാരണം ഇതെനിക്ക് ഒരു കുട്ടി സ്നേഹത്തോടെ സമ്മാനിച്ചതാണ് .

Dipin Kumar.D, 9D

23

# സൂര്യന്റെ കഥ

ആമിയെന്ന പെൺകുട്ടി

എന്നും കടൽക്കരയിൽ പോകും

കടലിലേക്ക് മുങ്ങുന്ന സൂര്യനെ

അൽഭുതത്തോടെ നോക്കും

സൂര്യന്റെ വീട് എവിടെയാ

സൂര്യൻ ചിരിക്കും . ഒന്നും പറയില്ല

പിറ്റേന്നും വരുമ്പോൾ അത്ഭുതം കൂട്ടും

രാത്രിയിൽ എവിടെയോ പോകുന്നത് .

സൂര്യൻ അപ്പോഴും ചിരിക്കും .

Aswathy Jayan J, 9A

24

# ആമി എന്ന പെൺകുട്ടി

ഒരു വിട്ടിൽ ആറാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടി ഉണ്ട്. ആ കുട്ടിക്ക് അവളുടെ അച്ഛനെ ഒരുപാട് ഇഷ്ടമാണ്. അവൾ അച്ഛൻ പറയുന്നതെല്ലാം കേൾക്കുമായിരുന്നു. പക്ഷെ അവൾ പഠിക്കുന്നതിൽ വളരെ മോഷമായിരുന്നു അവളുടെ അച്ഛൻ അവളോട് പറയും പത്താം ക്ലാസ്സിൽ നന്നായി പഠിക്കണം എന്ന് . പക്ഷെ അവൾ പഠിക്കുന്നതിൽ വളരെ മോഷമായിരുന്നു പതിയെ പതിയെ അവൾ നന്നായി പഠിച്ചു തുടങ്ങി അങ്ങനെ അവൾ പത്താം ക്ലാസ്സിൽ പത്ത്
A+ വാങ്ങി എന്നിട്ട് ജർമനിയിൽ പോയി പഠിച്ച് ജോലി കിട്ടി.

Sona.S.S, 9C

25

# പൂമ്പാറ്റകൾ

ഒരു ചെറിയ പൂന്തോട്ടത്തിൽ നിറയെ പൂമ്പാറ്റകൾ ഉണ്ടായിരുന്നു അതിൽ ഒരു കറുപ്പു നിറമുള്ള പൂമ്പാറ്റയും വർണ്ണശലഭമായ പൂമ്പാറ്റയും ഉണ്ടായിരുന്നു . വർണ്ണശലഭമായ പൂമ്പാറ്റ കറുത്തനിറമുള്ള പൂമ്പാറ്റയെ ഏപ്പോഴും കളിയാക്കുമായിരുന്നു അത് കറുപ്പുനിറമായതു കൊണ്ട്. ഒരു ദിവസംവർണ്ണശലഭമായ പൂമ്പാറ്റ പാറി പറന്നു കൊണ്ടിരുന്നപ്പോൾ പെട്ടന്ന് ക്ഷീണം തോന്നി പറന്ന് വന്ന്  തറയിൽ വീണു അങ്ങനെ വർണ്ണശലഭമായ പൂമ്പാറ്റയുടെ ചിറകൊടിഞ്ഞു ഇത് കറുത്ത പൂമ്പാറ്റ ഉടനെ പൂവിൽ നിന്നുള്ള തേൻ കൊണ്ട് വന്നു . വർണ്ണശലഭമായ പൂമ്പാറ്റ വായിൽ വച്ചു കൊടുത്തു

അങ്ങനെ പൂമ്പാറ്റയ്ക്ക് ബോധം വന്നു . കണ്ണു തുറന്നു നോക്കിയപ്പോൾ കറുത്ത നിറമുള്ള പൂമ്പാറ്റ മുന്നിൽ നിൽക്കുന്നു  തന്നെ രക്ഷിച്ചത് ഇവളാണ് എന്ന് അറിഞ്ഞപ്പോൾ വർണ്ണശലഭമായ പൂമ്പാറ്റ ചിന്തിച്ചു ഞാൻ എപ്പോഴും കളിയാക്കിയിട്ടും ഇവളാണല്ലോ എന്നെ രക്ഷപ്പെടുത്താൻ മനസ്സ് കാണിച്ചത് അന്ന് തോട്ട് രണ്ടു പേരും നല്ല കൂട്ട് ആണ് .

Riya. L . PRINCE, 9C

# സ്പെയ്സ് ക്വിസ്

- ഗ്രഹങ്ങളെ ഭ്രമണപഥത്തിൽ നിർത്തുന്ന ശക്തിയുടെ പേരെന്താണ്?

  ഗുരുത്വകർഷണം

- ഏത് ഗ്രഹമാണ് സൾഫ്യൂരിക്ക് ആസിഡുള്ള മേഘത്താൽ മൂടപ്പെട്ടിരിക്കുന്നത്?

  ശുക്രൻ

- റോമൻ യുദ്ധദേവന്റെ പേരിൽ അറിയപ്പെടുന്ന ഗ്രഹം ഏത്?

  ചൊവ്വ

- സൂര്യന്റെ ഏറ്റവും അടുത്തുനിൽക്കുന്ന ഗ്രഹം?

  ബുധൻ

. ഭൂമിയെക്കാളും ചുരുങ്ങിയ സമയത്തിൽ സൂര്യനെ ചുറ്റിവരുന്ന രണ്ട് ഗ്രഹങ്ങൾ?

ശുക്രൻ,ബുധൻ

. എട്ട് മാസം ദൈർഘ്യമുള്ള ദിവസം ഉള്ള ഗ്രഹം ഏത് ?

ശുക്രൻ

. ബഹിരാകാശത്തിലെത്തിയ ആദ്യ മനുഷ്യൻ ആര് ?

യൂറി ഗഗാറിൻ

. പ്രകൃതി ഉപഗ്രഹത്തിന്റെ പേര് എന്ത് ?

ചന്ദ്രൻ

.സൗരയൂഥത്തിൽ വിട്ട ആദ്യ ബഹിരാകാശ പേടകം ഏത് ?

പയനിയർ 10

. എത്ര യു.എസ്. സ് പേസ് ഷട്ടിലുകൾ ഉണ്ട് ?

നാല്

Anamika. VS, 9C

26

## ലോകത്തെ കുറിച്ചുള്ള ക്വിസ്

. ലോകത്ത് എത്ര രാജ്യങ്ങളുണ്ട് ?

195

. ലോകത്തിലെ ഏറ്റവും ദാരിദ്രമുള്ള രാജ്യം?

ആഫ്രിക്ക

. ലോകത്തിലെ ഏറ്റവും വലിയ രാജ്യം?

റഷ്യ

. ലോകത്തിലെ ഏറ്റവും ചെറിയ രാജ്യം?

വത്തിക്കാൻ സിറ്റി

. ലോകത്തിലെ ഏറ്റവും ജനസംഖ്യയുള്ള നഗരം?

ടോക്കിയോ

. ഏത് രാജ്യത്താണ് വിലക്കപ്പെട്ട നഗരം സ്ഥിതിചെയ്യുന്നത്?

ഇറ്റലി

. ലോകത്ത് ഏറ്റവും കൂടുതൽ ആളുകൾ സംസാരിക്കുന്ന ഭാഷ?

ചൈനീസ്

. ലോകത്ത് ഏറ്റവും ഉയരം കൂടിയ കെട്ടിടം ഏത് രാജ്യത്തിന്റേതാണ്?

യു.എ.ഇ

. ലോകത്ത് ഏറ്റവും ദൈർഘ്യമേറിയ കോസ്റ്റ് ലൈൻ ഏത് രാജ്യത്തിന്റേതാണ്?

കാനഡ

. ലോകത്തിലെ ഏറ്റവും വലിയ കെട്ടിടം?

ബുർജ് ഖലീഫ

. ഏഴത്ഭുതങ്ങളിൽ ഒന്നെന്നറിയപ്പെടുന്ന ഇന്ത്യയിലെ കെട്ടിടം ഏത്?

താജ് മഹൽ

Goutham B, 8H


# അഹങ്കാരിയായ രാജകുമാരിയെ കീഴടക്കിയ രാജകുമാരൻ


ഒരിടത്ത് ഒരിടത്ത് ഒരു രാജകുമാരനും രാജകുമാരിയും ഉണ്ടായിരുന്നു.അവർക്ക് രണ്ട് പേർക്കും ഒരു സുന്ദരിയായ മകൾ ഉണ്ടായിരുന്നു.രുദ്രങ്കി എന്നായിരുന്നു അവളുടെ പേര്.അവൾ വളരെ സുന്ദരിയായതുകൊണ്ട് അവളുടെ ഭംഗിയിൽ അവൾ അഹങ്കരിച്ചിരുന്നു.തന്നെക്കാൾ വേറെ ഒരു സുന്ദരിയും ഈ ഭൂമിയിൽ ഇല്ലെന്നായിരുന്നു അവളുടെ ചിന്ത.അങ്ങനെ ഒരു ധനികനായ ഒരു ചെറുപ്പക്കാരൻ അവളെ കണ്ടുമുട്ടി.അവന് അവളെ ഒരുപാട് ഇഷ്ടപ്പെട്ടു.ഒരു ദിവസം രുദ്രങ്കി ജനാലയുടെ അരികിൽ പാട്ടുപാടികൊണ്ടിരിക്കുമ്പാൾ  അവൻ അവളോട് പറഞ്ഞു:ഞാൻ നിന്നെ വിവാഹം ചെയ്യാൻ ആഗ്രഹിക്കുന്നു.അവൾ വെട്ടിതിരിച്ച മുഖത്തോടെ അവനോട് ചോദിച്ചു:ഹും;എന്ത് സൗന്ദര്യമാണ് നിങ്ങൾക്കുള്ളത്?

എന്നെ വിവാഹം ചെയ്യാൻ നിങ്ങളെ പോലുള്ളവർക്കൊന്നും യോഗ്യത ഇല്ല. അങ്ങനെ പറഞ്ഞുകൊണ്ട് അവൾ കൊട്ടാരത്തിലേക്ക് മടങ്ങി

പോയി.അവന് വളരെ സങ്കടം തോന്നി.അവൾ കണ്ണാടിയിൽ നോക്കി ഒരുങ്ങികൊണ്ടിരുന്നു.അവളുടെ മുഖം കുറേ കൂടി ഭംഗിയാക്കിയാലോ എന്ന് അവൾക്ക് തോന്നി. അവൾ കുറേ ആഭരണങ്ങൾ കൂടി ധരിച്ച് അവളുടെ മുഖത്തിന് ഭംഗി വരാനുള്ള എല്ലാം വാരിയിട്ടു. കുറച്ച് കഴിഞ്ഞ് അവളുടെ മുഖം നോക്കിയപ്പോൾ മുഖത്ത് നിറയെ കുരുക്കൾ വന്ന് പൊട്ടി വെള്ളം ഒലിക്കുന്നു.അവൾക്ക് ഒരസുഖമായിരുന്നു.അവൾ നിലവിളിച്ചോടി അവളുടെ അച്ഛന്റെയും അമ്മയുടെയും അടുത്തെത്തി.അവർ കാര്യം ചോദിച്ചപ്പോൾ അവൾ മുഖം കാണിച്ചുകൊടുത്തു.ഉടൻ തന്നെ വൈദ്യരെ വിളിച്ചു.സമയം വൈകുന്തോറും അവളുടെ മുഖം മാറികൊണ്ടിരുന്നു.അവളുടെ അച്ഛനും അമ്മയും അവളുടെ വികൃതമായ മുഖം കണ്ട് സഹിക്കാൻ വയ്യാതെ എങ്ങോട്ടോ ഇറങ്ങി പോയി.അവൾ നിലവിളിച്ചു.അപ്പോൾ ധനികനായ രാജകുമാരൻ വന്നു. അവളുടെ അടുത്ത് ചെന്ന് കാര്യം എന്ത് എന്ന് ചോദിച്ചു. അവൾ കാര്യം പറഞ്ഞു. അവനു മനസ്സിലായി.ഇത് ഒരു ലക്ഷം പേരിൽ വെറും മൂന്നോ നാലോ പേർക്ക് വരുന്ന രോഗമാണ്. ഇത് ചികിത്സിച്ചാൽ മാറും. അവൻ അവളെ സമാധാനിപ്പിച്ചു.അവന്റെ സ്നേഹത്തിനു മുമ്പിൽ അവളുടെ സൗന്ദര്യം ഒന്നുമല്ല എന്ന് പറഞ്ഞ് കീഴടങ്ങി.അവൻ അവളുടെ കഴുത്തിൽ ഒരു മാലയെടുത്ത് കെട്ടി.അങ്ങനെ അവൾ അവന്റെ സ്നേഹത്തിന് മുന്നിൽ കീഴടങ്ങി.

Athira krishna, 9C






Muhammed Bilal S.S

class: 9 Div: G

Roll No: 29

school: D.V.M.N.N.M.H.S.S




INDIA
INDIA




Annie Adarsh.G.A


IX B

# The Wolf



By: Muhammed Riswan. S.R
class: 9 H


Adithya G Shine
8B



Subhana·S
8B


Adithya G shine
8B

# Little Kites കുട്ടികൾ വിദ്യാഭ്യാസ മന്ത്രിയോടൊപ്പം







# LITTLE KITEs ജില്ലാ ക്യാമ്പ്



## LITTLE KITEs ന്റെ ജില്ലാ ക്യാമ്പിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട നമ്മുടെ ചുണക്കുട്ടികൾ



**Akshai SD, 9H**
**Programming**

**Muhammed Riswan, 9H**
**Animation**



KNOWLEDGE
INNOVATION
TECHNOLOGY

# Freedom Fest 2023















LITTLE KITEs Magazine 2023-24
Little Kites Unit No : LK/2018/44027